**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2805 | 10.07.2015 ൽ മറുപടിയ്ക്ക് |
|---|---|
| അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണമെന്ന ആവശ്യം | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ.ബി.ഡി. ദേവസ്സി. | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിനും, പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും നടപടികൾ സ്വീകരിച്ചി ട്ടുണ്ടോ;<br>(ബി) ഇവരുടെ വേതനം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും, മിനിമം വേതനം നിശ്ചയിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (എ) & (ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.ഡി.എസ് പദ്ധതിയിൻ കീഴിൽ ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സന്നദ്ധ പ്രവർത്തകരാണ് അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും. ടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത തീരുമാനം ആവശ്യമാണ്. ഇവർക്ക് നിലവിൽ അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി പെൻഷൻ അനുവദിച്ചു വരുന്നുണ്ട്. പ്രസ്തുത ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതും ഇവർക്ക് മിനിമം വേതനം അനുവദിക്കുന്ന കാര്യവും നിലവിൽ സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ